പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1443 — 03/10/2016 -ൽ മറുപടിക്ക്

## നായ്ക്കളുടെ കടിയേറ്റ് ആശുപത്രിയിൽ എത്തുന്നവർക്ക് ആവശ്യമായ മരുന്നുകളുടെ ലഭ്യത

| ചോദ്യം | | മറുപടി | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | നായ്ക്കളുടെ കടിയേറ്റ് ആശുപത്രിയിൽ എത്തുന്നവർക്ക് ആവശ്യമായ കുത്തിവെയ്പുകൾ എടുക്കുന്നതിനുള്ള മരുന്നുകൾ ലഭ്യമാണോ; പല ആശുപത്രികളിലും മരുന്നുകൾ സ്റ്റോക്കില്ലെന്ന് പറഞ്ഞ് രോഗികളെ പറഞ്ഞു വിടുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സർക്കാർ ആശുപത്രികളിലും സർക്കാർ മെഡിക്കൽ കോളേജുകളിലും നായ്ക്കളുടെ കടിയേറ്റ് എത്തുന്നവർക്ക് ആവശ്യമായ കുത്തിവെയ്പ്പ് എടുക്കുന്നതിനുള്ള മരുന്നുകൾ ലഭ്യമാണ്. നായ്ക്കളുടെ കടിയേറ്റവർക്ക് നൽകേണ്ട ആന്റി റാബീസ് വാക്സിനും, ആന്റി റാബീസ് സിറത്തിനും ക്ഷാമമില്ല. ആന്റി റാബീസ് സിറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി തലം മുതലേ പൊതുവിൽ സ്റ്റോക്ക് ചെയ്യുന്നുള്ളു.<br>മരുന്ന് സ്റ്റോക്കില്ലെന്നു പറഞ്ഞ് രോഗികളെ പറഞ്ഞുവിടുന്ന സംഭവവും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | തെരുവുനായ്ക്കളുടെ കടിയേറ്റവർക്ക് ആവശ്യമായ മരുന്നുകൾ സംസ്ഥാനത്തെ സി. എച്ച് . സി.കളിലും പി. എച്ച് . സി.കളിലും കൂടി ലഭ്യമാക്കുമോ; ഇതിന് ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് ആവശ്യമായ നിർദ്ദേശം നൽകുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | തെരുവ് നായ്ക്കളുടെ കടിയേറ്റവർക്ക് ആവശ്യമായ ആന്റി റാബീസ് വാക്സിൻ സംസ്ഥാനത്തെ സി.എച്ച്.സി കളിലും പി.എച്ച്.സികളിലും ഉൾപ്പെടെ എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാണ് ഗുരുതരമായ കടിയേറ്റവർക്ക് നൽകുന്ന ആന്റി റാബീസ് സിറം (ARS) താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ ലഭ്യമാണ്. എ.ആർ.എസ് നൽകിയാൽ രോഗിക്ക് കടുത്ത അലർജിയോ മറ്റോ ഉണ്ടായാൽ വേണ്ട ചികിത്സാ സൗകര്യങ്ങൾ കൂടി കണക്കിലെടുത്താണ് കൂടുതൽ സൗകര്യം ലഭ്യമായ ആശുപത്രികളിൽ മാത്രം എ.ആർ.എസ് ലഭ്യമാക്കുന്നത്. |

സെക്ഷൻ ഓഫീസർ